**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 266** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>കേരളോത്സവം പരിപാടിയ്ക്കായി ചെലവഴിക്കാൻ കഴിയുന്ന പരമാവധി തുക</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. പി. അഷ്‌റഫ് അലി

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** യുവതീ യുവാക്കളുടെ കലാ കായിക ഉന്നമനം ലക്ഷ്യമാക്കി നടത്തുന്ന കേരളോത്സവം പരിപാടിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കി വെക്കാൻ സാധിക്കുന്ന പരമാവധി തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ചെലവഴിക്കാൻ കഴിയുന്ന പരമാവധി തുക ഒന്നര ലക്ഷം രൂപ എന്നത് രണ്ടര ലക്ഷം രൂപയാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** ഉണ്ട്.

ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാർ അനുമതി നൽകിയതിലധികം തുക ചെലവായെന്നും അധികമായ തുകയ്ക്ക് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു.

**(ബി)** ഇല്ലെങ്കിൽ ഫണ്ടിന്റെ അപര്യാപ്തത കാരണം കേരളോത്സവം പരിപാടി നല്ല രീതിയിൽ നടത്താൻ സാധിക്കാത്തതിനാൽ ചെലവഴിക്കാൻ കഴിയുന്ന പരമാവധി തുക ഒന്നര ലക്ഷം രൂപ എന്നത് മാറ്റി രണ്ടര ലക്ഷം രൂപ വരെ ചെലവഴിക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കാമോ?

**<u>മറുപടി:</u>** ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാർ അനുമതി നൽകിയതിലധികം തുക ചെലവായെന്നും അധികമായ തുകയ്ക്ക് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**